# കല
# ലയം




സ്ക്രൂൾ മാഗസിൻ 2024

# TABLE OF CONTENTS


| | |
|---|---|
| SUPERINTENDENT'S MESSAGE | 3 |
| മൺതരികളുമായുള്ള സൗഹൃദം | 5 |
| ഹൃദയപൂർവ്വം | 6 |
| THE EDITORIAL | 7 |
| MEET THE TEAM | 8 |
| സ്കൂളിനെകുറിച്ച് | 10 |
| LITTLE KITES | 11 |
| STUDENT POLICE CADET | 12 |
| JUNIOR RED CROSS | 13 |
| മായാത്ത ഓർമ്മകൾ | 14 |
| പമ്പരവിഡ്ഢി | 16 |
| കോടതി വരാന്തയിലേക്ക് | 17 |
| എന്റെ കേരളം | 18 |
| അതിജീവനം | 19 |
| പുനർ ജന്മം | 20 |
| നോവ് | 22 |
| മന്ത്രമോതിരം | 24 |
| കാത്തിരിപ്പിൻ കാലം | 26 |
| ഫോണിൽ തുടങ്ങി ലഹരിയിലൂടെ മരണത്തിലേക്ക് | 27 |
| A Journey of Discovery | 31 |
| Unforgetable memories | 32 |
| Rahul's Triumph | 33 |
| A women with wings | 34 |
| My mother my world | 35 |
| DRAWINGS | 36 |
| CLASS PHOTO | 37 |
| COVER PAGE | 38 |

# SUPERINTENDENT'S MESSAGE




**"All the world's a stage. And we are merely players".-William Shakespeare**

A school is one of the first and most essential stages for an individual where one shall learn one's and then get trained for the final and bigger acts later in life. We as tutors and guides, simply play our role in being the path enlighteners, enabling the children to trudge along until they find their confident footing.

I feel proud & congratulate my staff and the children, that they ebulliently try to make this journey together, learning & succeeding together, faltering & correcting together& making themselves worthy & capable Samaritans. This is evident from the expanding base of students in our school, the shinning results in Academics and proud to be of 'achievements in the co-curricular not just limited to sports, but the organization of Outdoor Education cum Vocational cum holiday trips at district and state levels and the arrangements of Indoor educational Programmes also.

A full window glimpse into the immense talents and capabilities of the precious gems of this institute, along with a compilation of all the achievements of these same gems, is our Annual Digital School Magazine. A platform for showcasing where we have reached and where we want to ourselves. A reflection of the brilliant & glorious year that just went by boldly and confidently ushering into the next year.

I express my heartfelt gratitude to the Department of technical Education and our PTA for their reaffirming unconditional support rendered at all times that assures peak performance without any compromises.

I would also like to put on record the incessant assistance and cooperation of all the teaching & non teaching staffs that help me run this institution smoothly.

Last and in no way least, a special thanks to all the parents to putting their faith and confidence in us. One last thanks to the editorial team of LITTLE KITES MEMBERS for doing a wonderful job for compiling this DIGITAL school magazine. I wish you all good luck and let's work harder to achieve bigger and better milestones in the coming years. Remember, success is not final. Success is not resting on your laurels, but finding new laurels to rest upon.

The school magazine in hand would be a nice tool which will surely help you to get the glimpses of the yearlong activities and achievement of the students of our school. I am sure the quality and variety of contents would not only be informative but also impressive and enjoyable. In this pursuit of excellence, I appreciate our parent fraternity for supporting the school in every aspect. I also laud the relentless efforts of our teachers for giving their best in bringing out the best in each child. But I would exhort the students to be always modest, humble and disciplined, while being ready to expand the horizons of their knowledge and skills by dreaming big and working hard.

Thank You,



പദ്മ എൻ
സൂപ്രണ്ട്

# മൺതരികളുമായുള്ള സൗഹൃദം

ഞങ്ങൾ....

മൺതരികൾ.... പടിഞ്ഞാറൻകുന്നിലെ മൺതരികൾ....

നീയുമായി സൗഹൃദം കൂടിയത്... എൺപതുകളിലെ....

ആ.... ജൂൺ മാസം... മഴക്കാലത്ത് ...വിദ്യാർത്ഥിയായി ...

നിന്റെ ബാല്യ-കൗമാര കാലത്തെ എല്ലാ വികൃതികളിലും ചാപല്യങ്ങളിലും,

സന്തോഷങ്ങളിലും, ദുഃഖങ്ങളിലും.... കൂടെ ഞങ്ങൾ ഉണ്ടായിരുന്നു....

അതായിരുന്നു... നമ്മുടെ സൗഹൃദം....

ഏതാണ്ട് ഏഴു വർഷത്തെ സുദൃഢ സൗഹൃദത്തിന് ...

വിരാമമിട്ടുകൊണ്ട്... നീ...

പല വേഷങ്ങൾ പകർന്നാടി... ജീവിതത്തിൽ....

എങ്കിലും ഇടയ്ക്കിടെ നീ വന്നെത്തുമായിരുന്നു ....

നമ്മുടെ സൗഹൃദം പുതുക്കാൻ.......

കാലങ്ങൾക്കപ്പുറം വീണ്ടും... അധ്യാപക വേഷത്തിൽ

നീ ഞങ്ങളെ തേടി വന്നു....

ഇടക്കുള്ള ഇടവേളകളിൽ മറ്റിടങ്ങളിൽ പോയി....

വീണ്ടും തിരികെ എത്തി.... അനിവാര്യമായ... അടുത്തൂൺ പറ്റി....

അകലാൻ നേരമായെങ്കിലും....

മറക്കാനൊക്കുമോ....??

നിനക്ക് ഞങ്ങളെ....??

ഞങ്ങൾക്ക് നിന്നെയും....??



മഹേഷ് ശ്രീരാഗം

# ഹൃദയപൂർവ്വം

കോഴിക്കോട് ടെക്നിക്കൽ ഹൈ സ്കൂളിലെ കലാപ്രതിഭകളുടെ സർഗ്ഗവാസനകൾ പരിപോഷിപ്പിക്കുന്നതിനായി ലിറ്റിൽ കൈറ്റ്സ് ഒരുക്കിയ സ്കൂൾ മാഗസിന് എന്റെ എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

ഇന്നത്തെ തലമുറയെ ആകമാനം കൈപിടിയിലൊതുക്കുന്ന പുത്തൻ വിവര സാങ്കേതികവിദ്യയുടെ മായാലോകത്തുനിന്നും, ഓരോരുത്തരിലും അന്തർലീനമായിരിക്കുന്ന സാഹിത്യ സൃഷ്ടികൾ പുറം ലോകത്തെ അറിയിക്കാൻ ഇത്തരം പരിശ്രമങ്ങൾക്ക് കഴിയുമാറാകട്ടെ. ഒപ്പം മാനുഷിക മൂല്യം ഉണർത്തുന്ന സദുദ്യമങ്ങൾ നിങ്ങളുടെ മുന്നോട്ടുള്ള യാത്രയിലും ഒരു മുതൽക്കൂട്ടാകട്ടെ എന്നും ഹൃദയപൂർവ്വം ആശംസിക്കുന്നു.



ജയൻ കെ

# THE EDITORIAL

ചിലത് അങ്ങനെയാണ് അടുത്തറിയുമ്പോൾ നമ്മുടെ മുൻവിചാരങ്ങളെയെല്ലാം അത് ഇല്ലാതാക്കും. ലിറ്റിൽ കൈറ്റ്സിലേക്കുള്ള ചുവടുവെപ്പും അങ്ങനെയായിരുന്നു പുതിയ പല പ്രവർത്തനങ്ങളും മുന്നിൽ കണ്ടപ്പോൾ സാധിക്കുമോ എന്ന് മനസ്സിൽ ചോദ്യം ഉയർന്നപ്പോൾ ഒന്നു പരീക്ഷിച്ചു നോക്കാം എന്ന് ഞാനും കരുതി. ഇന്ന് വളരെയധികം ആകാംക്ഷയാണ് പുതിയ കാര്യങ്ങൾ പഠിക്കുന്നതിനും പുതിയ അറിവ് നേടുന്നതിനും.

ഈ ജീവിതവഴിയിൽ അറിവിന്റെ മുറ്റത്തേക്ക് വെളിച്ചം പകർന്നു തന്ന എല്ലാ ഗുരുക്കൻമാർക്കും

സഹ അധ്യാപകർക്കും നന്ദിയും കടപ്പാടും രേഖപ്പെടുത്തുന്നു. ഈ മാഗസിൻ പൂർണ്ണതയിൽ എത്തിക്കാൻ അകമഴിഞ്ഞു പ്രവർത്തിച്ച വിദ്യാർത്ഥികൾക്കും നന്ദി.



ഷഫീർ. ഇ
കൈറ്റ് മാസ്റ്റർ

# MEET THE TEAM !

May 'Kala layam'  go as bright as a morning star. I would like to congratulate the students and teachers behind it. Give in your best shots and keep your spirits high. Best wishes.



**NISHA**
**HSA ENGLISH**



**SABITHA**
**HSA MALAYALAM**

2023-24 അധ്യയന വർഷത്തിൽ ഗവ.ടെക്നിക്കൽ ഹൈസ്കൂ കോഴിക്കോട് അഭിമാനപൂർവ്വം കല ലയം എന്ന ഡിജിറ്റൽ മാഗസിൻ സമർപ്പിക്കുന്നു. മാറുന്ന ലോകത്തിൽ സാങ്കേതിക വിദ്യക്ക് കൂടുതൽ പ്രാധാന്യമുണ്ടല്ലോ, അത് കയ്യെഴുതിനേക്കാൾ ഉപരിയായി കുട്ടികൾക്ക് താൽപര്യജനകവുമാണ്. വിദ്യാർത്ഥികളും രക്ഷിതാക്കളും പങ്കാളികളാകുന്ന ഈ മാഗസിൻ വിജയമായിത്തീരുവാൻ ഏവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

ആശംസകളോടെ,

അനുനിമിഷം മാറിക്കണ്ടിരിക്കുന്ന ലോക ക്രമത്തിൽ അറിവുകളും അവസരങ്ങളും നമുക്ക് മുന്നിൽ തുറന്ന് കിടക്കുകയാണ്. ഇന്നത്തെ ജീവിത സാഹചര്യങ്ങളിൽ അനിവാര്യമായ പലതും നാളെ അപ്രസക്തമായി മാറാം. കാലത്തിന്റെ മാറ്റം പെട്ടെന്ന് ഉൾക്കൊള്ളാൻ കഴിയുമ്പോൾ നമുക്ക് എന്നും പുരോഗമന ചിന്താഗതിക്കാരായി തുടരാൻ പറ്റും. അതുകൊണ്ട് അറിവുകളേയും അവസരങ്ങളേയും എല്ലായ്പ്പോഴും പ്രയോജനപ്പെടുത്തുക.  എഴുത്തും വായനയും മാഗസിനുകളും ഇതിന് നമ്മെ സഹായിക്കുന്ന ഘടകങ്ങളാണ്.
സ്കൂൾ മാഗസിന് ആശംസകൾ.




**IQBAL V C**
**TRADE INSTRUCTOR**



**MOHITH DAS**
**SCHOOL LEADER**

It is an immense pleasure for me to pen down my thoughts on being our school leader. A school magazine is the medium through which students and teachers express their creative thinking. I would like to congratulate each and every one who has contributed their works to our magazine.The editorial team is an integral part in making the magazine flawless. I extend my hearty congratulations to them. I wish the best to my teachers and everyone who has worked their best for our school magazine.            Thank you



DEVADATH T P
9 A



ARCHITHAN N
9 A



ROHIN KV
9 A



NIVEDH V
9 B



PARTHIV
9 A



ADWAITH M
9 A



VYSHNAV B
9 A



HARINANDH K
9 A

# സ്കൂളിനെകുറിച്ച്

ടെക്നിക്കൽ ഹൈസ്കൂൾ, കോഴിക്കോട് 1961-ൽ സാങ്കേതിക വിദ്യാഭ്യാസവകുപ്പിന്റെ കീഴിൽ പ്രവർത്തനമാരംഭിച്ചു. 1982വരെ പ്ലോളിടെക്നിക് പ്രിൻസിപ്പലിന്റെ കീഴിലായിരുന്നു ഈ സ്ഥാപനം. അതിനുശേഷം ഓഫീസ് ഇപ്പോഴത്തെ കെട്ടിടത്തിലേക്ക് മാറ്റി ഒരു സൂപ്രണ്ടിന്റെ നേരിട്ടുള്ള മേൽനോട്ടത്തിന്റെ കീഴിലാക്കി. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് ഊന്നൽ കൊടുത്തുകൊണ്ടുള്ള പാഠ്യപദ്ധതിയാണ് ഇവിടെ നടപ്പിലാക്കിവരുന്നത്.

ഏഴാംതരം അടിസ്ഥാനയോഗ്യതയുള്ള വിദ്യാർത്ഥികളെ സംസ്ഥാനതലത്തിൽ നടത്തുന്ന മത്സരപരീക്ഷയിലെ മാർക്കിന്റെ അടിസ്ഥാനത്തിലാണ് 8-ാം തരത്തിലേക്ക് തിരഞ്ഞെടുക്കുന്നത്. പൊതുവിദ്യാഭ്യാസവകുപ്പിന്റെ സ്കൂളുകളിലെ ബയോളജി, ഹിന്ദി എന്നീ വിഷയങ്ങളൊഴികെ ബാക്കി എല്ലാ വിഷയങ്ങളും ടെക്നിക്കൽ ഹൈസ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 8-ാം തരത്തിലെ വാർഷികപരീക്ഷയിലെ പ്രകടനത്തെ അടിസ്ഥാനമാക്കി വിദ്യാർത്ഥികളുടെ അഭീഷ്ട ത്തിനനുസരിച്ചുള്ള ട്രേഡിൽ തുടർവർഷങ്ങളിൽ വിദഗ്ധപരിശീലനം നല്കുന്നതാണ്. ടി.എച്ച്.എസ്. കോഴിക്കോടിൽ അനുവദിക്കപ്പെട്ട ട്രേഡുകളുടെ വിവരങ്ങൾ താഴെ നല്കുന്നു.

ഫിറ്റിംഗ്

വെൽഡിങ്

ടർണിംഗ്

ഇലക്ട്രിക്കൽ വയറിങ് ആന്റ് മെയിന്റെനൻസ് ഓഫ് ഡൊമസ്റ്റിക് അപ്ലയൻസസ്

റഫ്രിജറേഷൻ ആന്റ് എയർ കണ്ടീഷനിംഗ്

മെയിന്റെനൻസ് ഓഫ് ടൂവീലർ ആന്റ് ത്രീവീലർ



# ലിറ്റിൽ കൈറ്റ്സ്

സംസ്ഥാനത്തിലെ വിദ്യാലയങ്ങൾ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ ഹൈടെക് ആകുമ്പോൾ സജ്ജമാക്കിയ നൂതന സംവിധാനങ്ങൾ പരിപാലിക്കുന്നതിനു സംരക്ഷിക്കുന്നതിനും വേണ്ട പരിജ്ഞാനം നൽകുക എന്ന ലക്ഷ്യം മുൻനിർത്തി ആരംഭിച്ച 'ഹായ് സ്കൂൾ കുട്ടിക്കൂട്ടം' പദ്ധതിയുടെ പരിഷ്കൃത രൂപമായി Little Kites 2018 ജൂൺ 22ന് സംസ്ഥാനതലത്തിൽ ആരംഭിക്കുകയുണ്ടായി.

ഈ പദ്ധതിയുടെ ഒരു യൂണിറ്റ് ഈ സ്ഥാപനത്തിൽ വർഷാരംഭം മുതൽ പ്രവർത്തനമാരംഭിച്ചു. വിവര സാങ്കേതികരംഗത്ത് വിദ്യാർത്ഥികൾ പ്രകടപ്പിക്കുന്ന താൽപര്യങ്ങളെ പരിപോഷിപ്പിക്കുന്നതോടൊപ്പം സാങ്കേതികവിദ്യയിലും സോഫ്റ്റ്‌വെയറുകളുടെ കൈകാരങ്ങളിലും പാലിക്കപ്പെടേണ്ട മൂല്യങ്ങളും സംസ്കാരവും സൃഷ്ടിക്കപ്പെടുകയും വിവരവിനിമയ വിദ്യാസംഗേതങ്ങൾ അതിഗഹനമായി സ്വായത്തമാക്കുന്നതിനു വേണ്ട അവസരമൊരുക്കൽ, വിദ്യാലയത്തിലെ സാങ്കേതിക ഉപകരണങ്ങളുടെ കാര്യക്ഷമമായ ഉപയോഗവും നടത്തിപ്പും പരിപാലനവും, സുരക്ഷിതവും യുക്തവും മാന്യവുമായ ഇന്റർനെറ്റിന്റെ ഉപയോഗം, കമ്പ്യൂട്ടിങ്ങിന്റെ പ്രാധാന്യം സംഘ പഠനത്തിന്റെയും സഹവർത്തിത പഠനത്തിന്റെയും അനുഭവങ്ങൾ പ്രധാനം ചെയ്യുക പഠന പ്രൊജക്റ്റ് പ്രവർത്തനങ്ങൾക്കുള്ള മേഖലകൾ കണ്ടെത്തി ഗവേഷണ പഠനങ്ങൾ ചെയ്യാനുള്ള താല്പര്യം ജനിപ്പിക്കൽ തുടങ്ങി നാനാമുഖ ഉദ്ദേശലക്ഷ്യങ്ങൾ  അടങ്ങിയതാണ് ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനങ്ങൾ.



# STUDENT POLICE CADET

കോഴിക്കോട് ഗവണ്മെന്റ് ടെക്നിക്കൽ ഹൈ സ്കൂൾ ഹൈടെക് നിലവാരത്തിലേക്കുയരുന്ന അഭിമാനാർഹമായ മുഹൂർത്തത്തിലാണ് സ്കൂളിൽ SPC യൂണിയത് അനുവദിച്ച് കിട്ടിയത്. സർക്കാർ സഹായത്തോടെ നടപ്പിലാക്കുന്ന SPCയുടെ ഒരു യൂണിറ്റ് ആണ് (KDC 571) സ്കൂളിൽ തുടങ്ങിയത്.

വിദ്യാർത്ഥികളിൽ നേതൃപാടവും വ്യക്തിത്വവികസനവും വളർത്തുന്നതിനോടൊപ്പം ഭാവിയിൽ ഉത്തമ പൗരന്മാരായി വളരാൻ സഹായകമാവുന്ന രീതിയിലുമാണ് കേരള പോലീസ് SPC ആവിഷ്കരിച്ചത്.

കേരളത്തിലെ 39 ടെക്നിക്കൽ സ്കൂളിൽ രണ്ട് സ്ഥാപനങ്ങളിൽ മാത്രമേ SPC യൂണിറ്റുകൾ അനുവദിക്കപ്പെട്ടിട്ടുള്ളത്.



# JUNIOR RED CROSS

ജൂനിയർ റെഡ് ക്രോസ് (JRC) ഇൻ്റർനാഷണൽ റെഡ് ക്രോസിൻ്റെയും റെഡ് ക്രസൻ്റ് മൂവ്മെൻ്റിൻ്റെയും യുവാക്കളെ കേന്ദ്രീകരിച്ചുള്ള ശാഖയാണ്, മാനുഷിക മൂല്യങ്ങൾ വളർത്തുന്നതിനും യുവാക്കൾക്കിടയിൽ സന്നദ്ധപ്രവർത്തനം പ്രോത്സാഹിപ്പിക്കുന്നതിനും സമർപ്പിതമാണ്. കമ്മ്യൂണിറ്റി സേവനം, ദുരന്ത നിവാരണം, ആരോഗ്യ വിദ്യാഭ്യാസം, സാമൂഹിക ക്ഷേമ പ്രവർത്തനങ്ങൾ എന്നിവയിൽ ഏർപ്പെടാൻ കുട്ടികൾക്കും കൗമാരക്കാർക്കും അവസരമൊരുക്കുന്നു. വിവിധ സംരംഭങ്ങളിലൂടെയും പ്രോഗ്രാമുകളിലൂടെയും, മാനവികത, നിഷ്പക്ഷത, നിഷ്പക്ഷത, സ്വാതന്ത്ര്യം, സന്നദ്ധ സേവനം, ഐക്യം, സാർവത്രികത എന്നിവയുടെ തത്വങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനിടയിൽ അവരുടെ കമ്മ്യൂണിറ്റികളിൽ നല്ല മാറ്റത്തിൻ്റെ സജീവ ഏജൻ്റുമാരാകാൻ യുവാക്കളെ പ്രാപ്തരാക്കുക എന്നതാണ് JRC ലക്ഷ്യമിടുന്നത്.



# മായാത്ത ഓർമ്മകൾ

കാലം എത്ര മുൻപോട്ട് പോയാലും കഴിഞ്ഞകാലം ഓർത്തെടുക്കാൻ പറ്റുമെന്നൊരു അഹങ്കാരം എനിക്കുണ്ടായിരുന്നു. പക്ഷെ വെറുതേ കുറേ ഓർമ്മകൾ കാലം മായ്ച്ച് കളഞ്ഞിരിക്കുന്നു. ചില ഓർമ്മകൾ അപ്രതീക്ഷിതമായി തിരിച്ചുവരുമ്പോൾ അത് ദുഃഖമുള്ളതായാലും സന്തോഷമുള്ളനായാലും കൗതുകമുണർത്തുന്നു

ഒരു ദിവസം വെറുതേ കോലായിലെ തിണ്ണമേലിരുന്ന് അപ്രതീഷിതമായി പെയ്ത മഴയെ ആസ്വദിക്കുമ്പോഴാണ് കുട്ടിക്കാലത്തെ പെരുമഴക്കാലം ഓർമ്മയിൽ വന്നത്. മാധവിക്കുട്ടി എഴുതിയപോലെ 70 വർഷങ്ങൾ കഴിഞ്ഞ് തിരിഞ്ഞുനോക്കുമ്പോൾ ഭൂമിയിൽ ജീവിച്ചത് വെറും 7 ദിവസങ്ങൾ പോലെ തോന്നുന്നു എന്നതുപോലെ ജീവിതം എത്രപെട്ടന്നാണ് മുൻപോട്ട് പോയത്. നല്ലതും ചീത്തയുമായ അനുഭവങ്ങളിലൂടെ ഓർത്തെടുക്കാനാവാത്ത മായാക്കാഴ്ച്ചകൾ പോലെ എല്ലാം മറഞ്ഞു പോയിരിക്കുന്നു.

ഓർമ്മയിൽ തികട്ടിവന്ന ആ പെരുമഴക്കാലം ഞാനോർത്തെടുക്കുകയാണ് 26ാം വയസ്സിൽ വിധവയായ അമ്മക്ക് കിട്ടിയത് ഓലമേഞ്ഞ കൂൺ പൊന്തിയ പോലുള്ള കുടിലും രണ്ടു പെൺമക്കളുമാണ്. അതിരാവിലെ തന്നെ അമ്മ പണിക്കു പോവുമായിരുന്നു. അമ്മ പോയ്ക്കഴിഞ്ഞാൽ ഞാനും അനിയത്തിയും ആരും വിളിക്കാതെതന്നെ എഴുന്നേൽക്കണമായിരുന്നു . സ്കൂളിൽ പോവുമ്പോൾ സ്വന്തമായി മുടികെട്ടലും പൊട്ടുതൊടലും കൺമഷിയെഴുതലുമായി നല്ല കോലത്തിലായിരിക്കും പോവുക. എണ്ണമയമില്ലാത്ത മുടികെട്ടിചെല്ലുമ്പോൾ എന്നും നാസർമാഷ് ചോദിക്കും ഇന്ന് കുളിച്ചില്ലേ ? അതുകേട്ട് അൽപം ചമ്മലോടെ ഉം എന്ന് മൂളി ഞാൻ ഒന്നിളകിയിരിക്കും

അന്ന് സ്കൂൾ വീട്ട് വന്നപ്പോൾ അടുത്ത വീട്ടിലെ വിനു എന്നെ മോര് വാങ്ങാൻ വിളിച്ചു. അവൻ എന്റെ ചെറിയച്ഛന്റെ  മോനും കൂടിയാണ്. എന്റെ രണ്ടു മാസം ഇളയ അനിയൻ, ഞങ്ങൾ ഒരു സ്കൂളിലായിരുന്നു പഠിച്ചത് അവന്റെ കൈകയ്യിൽ കുടയുണ്ടായിരുന്നു. എന്റെ കൈയിൽ കുടയില്ല. ഞങ്ങൾ രണ്ടാളും കൂടി മോര് വാങ്ങാൻ ഒരു കുടയിൽ പോയി. തിരിച്ചുവരുമ്പോൾ മോര് വാങ്ങിയ സ്റ്റീൽ ഗ്ലാസിൽ പറ്റിപിടിച്ച നെയ്യ് അവൻ വിരൽകൊണ്ട് തോണ്ടി നക്കിക്കൊണ്ടിരുന്ന നടത്തത്തിനിടയിൽ എന്നോടും എടുത്തു കഴിക്കാൻ പറഞ്ഞു ഞാനത് തോണ്ടി നക്കിനോക്കി, എനിക്ക് ആ രുചി ഒട്ടും ഇഷ്ട്പ്പെട്ടില്ല. അവൻ വീടെത്തുനതുവരെ അത് ആവർത്തിച്ചു. ഇപ്പോഴും അവനെക്കാണുമ്പോൾ എനിക്കു അത് ഓർമ്മവരും.

വീട്ടിലെത്തിയപ്പോൾ അമ്മ വന്നില്ല. ആ അവസരം മുതലാക്കി മഴയിലറങ്ങി പറമ്പിലും റോഡിലും (ടാറിടാത്ത മൺ റോഡ്) ഓടിനടന്നു. മഴയിൽ കുതിർന്ന പുൽചെടിക്കളെ ചവിട്ടി മെതിച്ചു രസിച്ചു മുറ്റത്തെ സുഗന്ധരാജിന്റെ ചെടിയിൽ വിടർന്ന വലിയ വെള്ള പൂക്കളെ ഇറുത്ത് മണത്തു നോക്കി തലയിൽ വെച്ചു സുഗന്ധരാജിന്റെ ഇലകളിൽ പല നിറത്തിലുള്ള പ്രാണികൾ ഉണ്ടായിരുന്നു. അവയെ പിടിച്ചു കൈയിൽ വെച്ചു. പച്ചയും നീലയും പ സ്വർണ്ണ നിറത്തിലുമുള്ള പ്രാണികൾ ചിലത് പാറിപ്പോയി. മുള്ളിൻ കായ്കൾ കായ്ച്ചു കിടത്തിരുന്നു. കുറേ പറിച്ചു തിന്നു പനച്ചോത്തിന്റെ പൂവുകൾ വൈകുന്നേരമായാൽ കൂമ്പിപോറും. അതിൽ തേൻ കുടിക്കാനെത്തിയ തേനീച്ചകൾ അതിൽ കുടുങ്ങിപോറുമായിരുന്നു. അങ്ങനെ കുടുങ്ങിയ തേനീച്ചയുടെ പനച്ചോത്തിന്റെ പൂവ് ഞാൻ പറിച്ചെടുത്തു. അതിന്റെ  മുളൽ ചെരിയോട് അടുപ്പിച്ച് സമയം കുറച്ചു സമയം കേട്ടിരുന്നു. പിന്നെ പൂവ് പുതിയ പതിയെ തുറന്ന് നേനീച്ചകളെയെ പുറന്നെടുത്തു പറത്തിവിട്ടു. അമ്മ വരുമ്പോഴേക്കും ഞാൻ ഓടിക്കുളിച്ചു വീട്ടിൽ കയറി. അമ്മ വന്ന് ചായയുണ്ടാക്കി തന്നു. ഞാനും അനിയത്തിയും അത് കുടിച്ചു.

മഴയുടെ ശക്തി കകൂടി വന്നു നല്ല കാറ്റും വീശാൻ തുടങ്ങി കുളികഴിഞ്ഞെത്തിയ അമ്മ കാറ്റിൽ മണ്ണെണ്ണ വിളക്ക് അണഞ്ഞു പോറുമെന്നു കരുതി ഞങ്ങൾക്കു വേഗം ചോറു തന്നു. അമ്മ നൂൽച്ചാക്കുകൾ നിലത്ത് വിരിച്ച് അതിൽ മുകളിൽ പായവിരിച്ച് കുറെതുണികൾ ചേർത്തുതുന്നിയ കുഞ്ഞു കിടക്കകൾ ഞങ്ങൾക്രു രണ്ടുപേർക്കും വിരിച്ചു തന്നു. അതിൽ മൂടിപൊരച്ച് കിടന്നുറങ്ങിയ എനിക്ക് കാലത്ത് എഴുന്നേൽക്കാൻ തോന്നിയില്ല വീട് ചുമരിനു തെങ്ങാലകൾ ഓണ്ടാണ് മേഞ്ഞതുകൊണ്ടാണ് മറിച്ചിരിക്കുന്നത് പതിയെ കണ്ണു തുറന്നു നോക്കിയപ്പോൾ മണ്ണു തേച്ച ചെറിയ തറയുടെ അപ്പുറത്ത് ഓലയുടെ വിടവിലൂടെ മഴവെള്ളം ഒഴുകി പോറുന്നതും ഒഴുകിപ്പോകുമ്പോഴുണ്ടാകുന്ന ശബ്ദവും ആസ്വദിച്ചു കിടന്നു. ആ മുറിയുടെ വിടവിലൂടെ അരിച്ചുവന്ന ചേരട്ടയെകണ്ട് ഞാൻ ചാടിയെഴുന്നേറ്റു.



**ധ്രുവിത് കൃഷ്ണ കെ**
**8 B**

# പമ്പരവിഡ്ഢി

മലയാളം അത്രക്കങ്ങു പോരാ

മകൻ ഇംഗ്ലീഷ് പഠിക്കണം പഠിച്ചേ തീരൂ

തന്നെപ്പോലെ   ആകരുത് അവൻ

അങ്ങനെ

മലയാളത്തിൽ പിറന്നു

മലയാളത്തിൽ വളർന്ന മകൻ

അച്ഛന്റെ നിർബന്ധം ഒന്നുകൊണ്ടുമാത്രം

ഇംഗ്ലീഷ് പഠിച്ചു തുടങ്ങി

ഭാഷ അതിവേഗം പഠിച്ചെടുത്ത മകന്റെ

മിടുക്കിൽ അച്ഛന് അഭിമാനിച്ചു

അച്ഛന്റെ ആഗ്രഹപ്രകാരം

അവൻ ആദ്യമായി വെള്ളപേപ്പറിൽ ഒരു ഇംഗ്ലീഷ് വാചകം കുറിച്ചു

അതിപ്രകാരമായിരുന്നു

ഫാദർ യു ആർ എ ബ്ലഡി ഫൂൾ





എം കെ റെനിൽ

# കോടതി വരാന്തയിലേക്ക്

8/2/24ന് സംവാദ എന്ന പരിപാടിയുടെ ഭാഗമായി എൻറെ സ്കൂൾ ആയ ഗവൺമെൻറ് ടെക്നിക്കൽ ഹൈസ്കൂളിലെ തിരഞ്ഞെടുക്കപ്പെട്ട, ഞങ്ങൾ 30 കുട്ടികൾ കോഴിക്കോട് ജില്ലാ കോടതി സന്ദർശിച്ചു, അവിടെയുള്ള കാഴ്ചകളാണ് ഇന്നു ഞാൻ ഇവിടെ കുറിക്കുന്നത്.അന്ന് രാവിലെ 10 മണിക്ക്, അധ്യാപകരായ ഐശ്വര്യ ടീച്ചറോടും ഇക്ബാൽ സാറിനോടും ബാലചന്ദ്രൻ സാറിനോടും ഒപ്പം ഞങ്ങൾ 30 അംഗങ്ങളും, രണ്ടാം ഗേറ്റിന്റെ അടുത്തുള്ള കോഴിക്കോട് ജില്ലാ കോടതിയിൽ എത്തിച്ചേർന്നു. സിനിമയിൽ മാത്രം കണ്ടുവന്ന കോടതി നേരിട്ട് കാണാൻ പോകുന്നതിനുള്ള ആകാംക്ഷയിൽ ആയിരുന്നു ഞാൻ. ബ്രിട്ടീഷ് കൊളോണിയൽ കാലഘട്ടത്തെ കെട്ടിട നിർമ്മിതിയും പിന്നെ ചെടികളും മരങ്ങളും ആയി പ്രൗഢഗംഭീരമായിട്ടാണ് ആ അന്തരീക്ഷം എനിക്ക് അനുഭവപ്പെട്ടത്. ഞങ്ങൾക്ക് നിർദ്ദേശങ്ങൾ നൽകുവാനായി നിയോഗിക്കപ്പെട്ട ഒരു അഭിഭാഷകയോടൊപ്പം ഞങ്ങൾ പ്രധാന കെട്ടിടത്തിൽ ഉള്ള ഒരു കോൺഫിഡൻസ് ഹോളിൽ എത്തിച്ചേർന്നു. സംവാദയുടെ ഔദ്യോഗിക ഉദ്ഘാടന പരിപാടിയാണ് അവിടെ നടന്നത്. അതിനു ശേഷം ജീവിതവൈദ്യത്തിന്റെ ഒരു ക്ലാസ് അവിടെ ഉണ്ടായിരുന്നു. 45 മിനിറ്റുകൾ നീണ്ട ക്ലാസിനു ഒടുവിൽ സംശയം ചോദിക്കാനുള്ള സമയമുണ്ടായിരുന്നു. അതുകഴിഞ്ഞ് കോടതി മുറിയിലേക്ക് പോകാനായി ആറു സംഘമായി വേർതിരിച്ചു , ആറു സംഘങ്ങൾക്കും ഓരോ അഭിഭാഷകനുമായി ഞങ്ങൾ ഓരോ കോടതി മുറിയിലേക്ക് പോയി. ഞാനും എൻറെ സുഹൃത്തുക്കളായ അഞ്ചുപേരും പിന്നെ ഒരു മാഡവും ആണ് വന്നത്. ഞങ്ങൾ മൂന്നു കോടതി മുറിയിലേക്കാണ് പോയത്. മൂന്ന് കോടതി കണ്ടു കഴിഞ്ഞപ്പോഴേക്കും പല സംശയങ്ങളും ആയിട്ടാണ് ഞാൻ വന്നത്. എന്തായാലും സിനിമയിൽ കാണുന്ന പോലെ അത്രയും വലിയ റൂമുകൾ അല്ലായിരുന്നു ഞാൻ കണ്ട കോടതി. പിന്നെ ചുറ്റിക ഇല്ലായിരുന്നു നമ്മൾ സിനിമയിൽ കാണുന്ന പോലെ ഇല്ല എന്ന് എനിക്ക് അതോടെ മനസ്സിലായി. അതുകഴിഞ്ഞ് ഞങ്ങൾക്ക് ഉച്ചഭക്ഷണം ഇടവേള ആയിരുന്നു. അതുകഴിഞ്ഞ്, ഞങ്ങൾക്കുവേണ്ടി മാത്രം ഒരു കോടതി മുറി സജ്ജീകരിച്ചു എന്നിട്ട് അവിടെയുള്ള ജഡ്ജുമായി സംവാദിച്ചു. ഞങ്ങൾ കുറെ സംശയങ്ങൾ ചോദിച്ചു, എല്ലാത്തിനും ഉത്തരങ്ങളും പറഞ്ഞു. ഇതു കഴിഞ്ഞ് ജഡ്ജിന്റെ റൂമിലേക്ക് കാണാൻ അനുമതി കിട്ടി. ഇതു കഴിഞ്ഞപ്പോഴേക്കും നാലര ആയി, അതുകൊണ്ടുതന്നെ ഞങ്ങൾ വീടുകളിലേക്ക് പോവുകയായിരുന്നു. എന്തായാലും കോടതി ഒരു പ്രത്യേക അന്തരീക്ഷമാണ്. ഇതിനിടയിൽ ഞങ്ങൾക്ക് നല്ല പരിചരണവും നല്ല ക്ലാസ്സുകളും തന്ന സംവാദയ്ക്ക് പ്രത്യേകം നന്ദി. ഞങ്ങളെ ഈ പരിപാടിക്ക് കയറ്റിയതിൽ സ്കൂൾ കമ്മിറ്റിക്കും നന്ദി......



കൃഷ്ണനുണ്ണി ജയൻ

9 B

# എന്റെ കേരളം

ദൈവത്തിൻറെ
നാടാം കേരളം
കേരയാൽ അലങ്കരിക്കപ്പെട്ട
രെൻ കേരളം
നാടൻ കലകളുടെ നാടാം കേരളം
തെരുവ് നായ്ക്കൾക്ക് ഭവനമെൻ കേരളം

ഭാരതപ്പുഴ പമ്പ എന്നിവയാൽ
തഴുകപ്പെട്ട നാടാമെൻ കേരളം
കോഴിക്കോടൻ ഹൽവയും  പാലക്കാടെൻ മട്ടയും
നിറഞ്ഞു കവിഞ്ഞൊരൻ കേരളം

മൊഞ്ചൻമാരുടെ മൊഞ്ചത്തികളുടെ
സുന്ദരനാടാമെൻ കേരളം
സാമൂതിരിയും മാർത്താണ്ഡവർമ്മയും
അടക്കിവാണ സ്വർഗ്ഗമാമെൻ കേരളം


കുഞ്ചൻ തുഞ്ചൻ പൂന്താനത്താൽ
നിറഞ്ഞുതുളുമ്പുമെ ൻ കേരളം
പരശുരാമൻ മഴുവെറിഞ്ഞ്
വീണ്ടെടുത്തൊരൻ കേരളം



ഋതുദേവ് കെ രജീഷ്
8 B

# അതിജീവനം

ഒരിക്കൽ വളരെ നല്ലവനായ ഒരു രാജാവിന് ഒരു യുദ്ധത്തിൽ അദ്ദേഹത്തിന്റെ ഒരു കണ്ണ് നഷ്ടപ്പെട്ടു. എങ്കിലും കാലക്രമേണ അദ്ദേഹം അതിനോട് പൊരുത്തപ്പെട്ടു. അങ്ങനെ വികൃതമായ ഒറ്റ കണ്ണ് കൊണ്ട് അദ്ദേഹം ഭരണം തുടർന്നു. ഒരിക്കൽ അദ്ദേഹം തന്റെ കൊട്ടാരത്തിൽ കൂടി നടക്കുമ്പോൾ അദ്ദേഹത്തിന്റെ പൂർവികരായ രാജാക്കന്മാരുടെ മനോഹരമായ ചിത്രം ശ്രദ്ദയിൽപെട്ടു. അങ്ങനെ അദ്ദേഹത്തിന് തന്റെ ഒരു ചിത്രം വരക്കണമെന്ന ആഗ്രഹം തോന്നി. അങ്ങനെ തന്റെ ഒരു മനോഹര ചിത്രം വരയ്ക്കാൻ ഉത്തരവിട്ടു ചിത്രം വരയ്ക്കാൻ ധാരാളം ചിത്രകാരൻമാൻ കൊട്ടാരത്തിൻ എത്തി. പക്ഷെ വികൃതമായ ഒരു കണ്ണ് കൂടി വരകുമ്പോൾ അതിനു ഒട്ടും ഭംഗി ഉണ്ടാകില്ലെന്ന് ചിത്രകാരമാർക്കു മനസിലായി അവർ എല്ലാവരും പിന്മാറി. ഇത് രാജാവിനെ വളരെ ദുഃഖിപ്പിച്ചു. അപ്പോൾ ഒരു ചിത്രകാരൻ, മുന്നോട്ട് വന്നു നാൻ രാജാവിന്റെ ചിത്രം വരക്കാം എന്ന് പറഞ്ഞു. രാജാവ് അതിനു സമ്മതം മൂളി പക്ഷെ മറ്റു ചിത്രകാരന്മാർ അയളോട് പറഞ്ഞു. 'വികൃതമായ ഒരു കണ്ണ് ഉള്ള രാജാവിന്റെ ചിത്രം വരച്ചാൽ ആ ചിത്രം കാണാൻ വളരെ മേശമായിരിക്കും അത് നീ രാജാവിന്റെ കോപത്തിന് ഇരയാകും പക്ഷെ ആ ചിത്രകാരൻ അതിൽ നിന്നു പിന്മാറാൻ തയാറായില്ല . അദ്ദേഹം ചിത്രം വരയ്ക്കാൻ തന്നെ തീരുമാനിച്ചു. അങ്ങനെ അദ്ദേഹം രാജാവിൻ്റെ ചിത്രം വരയ്ക്കാൻ ആരംഭിച്ചു. രണ്ടു ദിവസം കഴിഞ്ഞപ്പോൾ താൻ വരച്ച ചിത്രം പൂർത്തിയായെന്ന്  രാജാവിനെ അറിയിച്ചു. അങ്ങനെ ചിത്രം കാണാൻ രാജാവും കൂട്ടരും വന്നു ഒപ്പം ആ മറ്റു ചിത്രകാരന്മാർ കൂടി വന്നു  അദ്ദേഹം താൻ വരച്ച ചിത്രം അവരുടെ മുന്നിൽ പ്രദർശിപ്പിച്ചു. ചിത്രം കണ്ട എല്ലാവരും അതിശയിച്ചു. രാജാവ് ഒരു കുതിരപ്പുറത്തു ഇരുന്ന ഒരു കണ്ണ് അടച്ചു പിടിച്ചു അമ്പും വില്ലും ഉപയോഗിച്ച് ഉന്നം പിടിക്കുന്ന ചിത്രം ആയിരുന്നു അദ്ദേഹം വരച്ചത് വൈകൃതം ഉള്ള ആ കണ്ണ് അടച്ചു മറ്റേ കണ്ണ് തുറന്നും ഉന്നം പിടിക്കുന്ന ചിത്രം ആയിരുന്നു അദ്ദേഹം വരച്ചത്. അതിനാൽ ആ വൈകൃതം ചിത്രത്തിൽ വരാത്ത മനോഹരമായിത്തീർന്നു. എല്ലാ പ്രശ്നങ്ങൾക്കും ഒരു പരിഹാരമുണ്ട്. അത് ശെരിയായി കണ്ടെത്തി പരിഹരിക്കുകയാണ് വേണ്ട്ത്. ജീവിതത്തിൽ പ്രശ്നങ്ങളും പ്രതി സന്ധികളും വരുമ്പോൾ പ്രശ്നങ്ങളിലേക്ക് നോക്കി ദുഃഖിച്ചിരിക്കാതെ നമ്മൾ അതിനുള്ള പരിഹാരത്തിലേക് വേണം ശ്രദ്ധ കൊടുക്കാൻ.



ദയ
9 B

# പുനർ ജന്മം

ഈ ലോകത്ത് കുറെ മനുഷ്യർ അവരുടെ മരണശേഷം വീണ്ടും ഈ ലോകത്ത് ജനിക്കും എന്ന് വിശ്വസിക്കുന്നു.ഇതാണ് ഒരാളുടെ ജീവിതത്തിൽ അയാൾ വിചാരിക്കുന്ന രണ്ടാം ജന്മം അഥവാ അടുത്ത ജന്മം എന്നു പറയുന്നത്.ഇത് ഒരു വിശ്വാസം മാത്രമാണ് ഒരാൾ അയാളുടെ ജീവിതത്തിൽ ഒരു ഘട്ടത്തിൽ തോൽക്കുകയോ മാനസികമായി തകർന്നു പോകുകയോ ചെയ്തശേഷം തന്റെ ജീവിതത്തിലേക്ക് വീണ്ടും ഒരു വിജയത്തിലൂടെയോ തിരിച്ചു വരവിലൂടെയും പുതിയ ഒരാളായി മാറുന്നത് അയാളുടെ ജീവിതത്തിലെ രണ്ടാം ജന്മത്തിന് തുല്യമാണ്.അതുപോലുള്ള നമുക്കെല്ലാവർക്കും പ്രജോതനമാകുന്ന ഒരു കഥയാണ് ഇവിടെ പ്രതിനിധീകരിക്കുന്നത്.

ഒരിക്കൽ ഒരിടത്ത് വിജയൻ എന്ന് പേരുള്ള ഒരു ചെറുപ്പക്കാരൻ ജീവിച്ചിരുന്നു വെറും 20 വയസ്സ് മാത്രമായിരുന്നു വിജയൻ ഉണ്ടായിരുന്ന വീട്ടുകാർക്കും നാട്ടുകാർക്കും നല്ല അഭിപ്രായം ഇല്ലായിരുന്നു പത്താം ക്ലാസിലും പ്ലസ്ടുവിലും ഉള്ള പരീക്ഷകളിൽ എല്ലാം വിജയൻ തോറ്റു പോയിരുന്നു അവൻ മറ്റുള്ളവരോട് പെരുമാറുന്ന രീതിയും ശരിയല്ലായിരുന്നു അവൻ പണ്ടേ തെറ്റായതും കച്ചറ നിറഞ്ഞതുമായ കുട്ടികളോട് കൂട്ടുകൂടി നല്ലവണ്ണം വഷളായിരുന്നു.അവൻ കാരണം അവന്റെ അച്ഛനും അമ്മയും കുറെ നാണം കേട്ടിട്ടുണ്ട് അവന്റെ മാതാപിതാക്കൾ അവനുവേണ്ടി കുറെ കഷ്ടപ്പെടുകയും കുറെ ഉപദേശിക്കുകയും ചെയ്തെങ്കിലും അവൻ അതിന് ചെവി കൊടുത്തില്ല സ്കൂളുകളിലും കോളേജുകളിലും അവനെ പറ്റി വളരെ മോശമായ അഭിപ്രായമായിരുന്നു ഉള്ളത് അവൻ നാട്ടിലെല്ലാം ഒരു ഗുണ്ടേ പോലെയായിരുന്നു ദിവസവും എല്ലാവരോടും പെരുമാറുന്നത്.ഒരു ദിവസം അവന്റെ സ്വഭാവം കാരണം വീട്ടിൽ നിന്നും പുറത്താക്കി ആ നിമിഷം അവൻ മാനസികമായി തകർന്നു. ജീവിത ചിലവിനും മദ്യപാനത്തിനും വേണ്ടി അവൻ മോഷണം പതിവാക്കി.  ഒരു ദിവസം രാത്രി മദ്യം കിട്ടാതെ ഒരു ഭ്രാന്തനെ പോലെ

അക്രമ സ്വഭാവം കാണിച്ച അവനെ നാട്ടുകാർ  ഭ്രാന്താശുപത്രിയിലേക്ക് അയച്ചു. അവിടത്തെ ഡോക്ടർ അവന്റെ അച്ഛനെ അറിയാമായിരുന്നു.

അവനെ കണ്ട ആ നിമിഷം തന്നെ ഡോക്ടർ അവന്റെ  അസുഖത്തെക്കുറിച്ച് മനസ്സിലാക്കുകയും അവന്റെ അച്ഛനെ വിളിക്കുകയും ചെയ്തു അച്ഛൻ ആദ്യം തന്നെ തനിക്ക് അവനെ വേണ്ട എന്ന് പറഞ്ഞെങ്കിലും ഡോക്ടർ അവന്റെ അച്ഛനെ അവന്റെ അസുഖം മാറ്റാൻ പറ്റിയ കേന്ദ്രത്തിന്റെ വിവരങ്ങൾ പറഞ്ഞു കൊടുത്തു. ഇഷ്ടമില്ലെങ്കിലും അവന്റെ അച്ഛൻ അവനെ അങ്ങോട്ട് വിടാൻ പറഞ്ഞു പിന്നീട് ഒരു മാസം അവനെ അവിടെ അഡ്മിറ്റ് ചെയ്തു.

ആദ്യ ദിവസങ്ങളിൽ ഒന്നും അവന് മാറ്റം വന്നിരുന്നില്ല പിന്നെ ദിവസങ്ങൾ കഴിയുമ്പോൾ അവന്റെ അക്രമ സ്വഭാവം എല്ലാം കുറഞ്ഞുവന്നു. പിന്നെ ഇല്ലാതാവുകയും ചെയ്തു അവിടെ അവന് ലഭിച്ചിരുന്നത് നല്ല ചികിത്സയായിരുന്നു തമാശകൾ പറഞ്ഞും കേട്ടും നല്ല കാര്യങ്ങൾ പഠിച്ചു അവന്റെ മനസ്സിൽ ശുദ്ധമായി വന്നു അവൻ മറ്റുള്ളവരോട് പെരുമാറുന്ന രീതിയും സ്നേഹിക്കാനും പഠിച്ചു. ആ സ്ഥലത്ത് നിന്ന് വിട്ടു പിരിയുമ്പോൾ അവൻ മറ്റൊരു മനുഷ്യനായി മാറി ആ മാആറ്റം അവന്റെ ജീവിതത്തിലെ രണ്ടാം ജന്മം ആയിരുന്നു.

അവസാന ദിവസം അവന്റെ മാതാപിതാക്കൾ അവനെ തിരികെ വീട്ടിലേക്ക് കൊണ്ടുപോകാൻ വന്നു അവന് അന്ന് നന്നാക്കിയ ആ സ്ഥലത്തെയും അന്തരീക്ഷത്തെയും സുഹൃത്തുക്കളെയും ഡോക്ടറെയും വിട്ടു പിരിയാൻ അവനു മടിയുണ്ടായിരുന്നു കുറെ നാളുകൾക്ക് ശേഷം അവൻ സ്നേഹത്തോടെ അവനെ മാതാപിതാക്കളെയും വിളിച്ചു അച്ഛമ്മയെ ഇത് കേട്ട മാതാപിതാക്കൾക്ക് സന്തോഷം കാരണം പൊട്ടിക്കരഞ്ഞു അവനെ പഴയതിൽ നിന്ന് നല്ല മാറ്റം വന്നു ഇനി അവന് ഒരു ജോലിയുടെ കുറവ് മാത്രമേ ഉള്ളൂ.

ജോലിക്ക് വേണ്ടി അവൻ മൂന്നുമാസത്തോളം കഷ്ടപ്പെട്ട് പ്രയത്നിക്കാൻ തുടങ്ങി പെട്ടെന്ന് തന്നെ അവൻ ഒരു വലിയ കമ്പനിയിൽ ഒരു ജോലി കിട്ടി കുറച്ചു കഴിഞ്ഞപ്പോൾ അവൻ വിവാഹം കഴിച്ചു ജീവിതം സുരക്ഷിതമാക്കി അവന്റെ തിരിച്ചുവരവ് അവന്റെ ജീവിതത്തിലെ രണ്ടാം ജന്മം  ആയിരുന്നു പിന്നീട് സുഖമായി സന്തോഷത്തോടെയും ജീവിച്ചു.

ഈ കഥയിൽ മോശമായ അവസ്ഥയിൽ നിന്ന് വിജയൻ എന്ന കഥാപാത്രം ജീവിതത്തിലേക്ക് വീണ്ടും ജനിക്കുകയാണ് അയാളുടെ രണ്ടാം ജന്മം ഇതിൽ നിന്ന് നമുക്ക് കിട്ടുന്ന ഗുണപാഠം എന്തെന്ന് വെച്ചാൽ നമ്മുടെ ജീവിതത്തിൽ നമ്മൾ തോറ്റുപോയാൽ നമ്മൾ തിരിച്ചുവരവിന് പരിശ്രമിച്ചാൽ ജീവിതത്തിൽ വിജയം കൈവരിക്കാൻ നോക്കണം ആ വിജയം നമ്മുടെ ജീവിതത്തിലെ രണ്ടാം ജന്മമായി മാറും



ആദിത്യ ഇ പി
9 B

# നോവ്

മൂടി കെട്ടിയ അന്തരീക്ഷം ഒരു നല്ല മഴയ്ക്കുള്ള കോളുണ്ട് ദാമുവിന്റെ മനസ്സ് വിങ്ങാൻ തുടങ്ങി. നാലുപാടും ചോർച്ചയുള്ള വീട്ടിലാണ് ദാമുവും കുടുംബവും താമസിക്കുന്നത് ഓരോ ദിവസത്തേക്കുള്ള വക കണ്ടെത്താൻ കൃഷിപ്പണി മാത്രമായിരുന്ന ആശ്രയം ഭാര്യയും ഒരു മകനും അടങ്ങൾന്നതാണ് ദാമുവിന്റെ കുടുംബം . മകൻ ക്ലാസിൽ നന്നായി പഠിക്കാൻ മിടുക്കനായിരുന്നു. അതുകൊണ്ട് മകന്റെ പഠിപ്പിന് വേണ്ടിയുള്ള ചിലവുകളൊക്കെ തന്നെ കൊണ്ട് കഴിയുന്ന പോലെ ദാമു ചെയ്തുകൊടുക്കുമായിരുന്നു. ഒരു മകനായതുകൊണ്ട് തന്നെ ദാമുവും ഭാര്യയും വളരെ വത്സല്യത്തോടെയാണ് വളർത്തിയത് ദാരിത്തിന്റെ ഒരു കഷ്ടതകളും അറിയിക്കാതെയാണ് അവർ അവനെ വളർത്തിയത്.

പത്താം ക്ലാസിൽ ഉയർന്ന മാർക്കോട് കൂടി അവൻ പാസായി. ഇതിൽ സന്തോഷിച്ച് അവന്റെ താൽപര്യാർത്ഥം അവർ അവന് ഒരു ഫോൺ വാങ്ങികൊടുത്തു. മകന് പഠിക്കാൻ കൂടി വേണ്ടിയായിരുന്നു ഫോൺ വാങ്ങിയത്.

ഓരോ ദിസങ്ങൾ കടന്ന് പോവുമ്പോൾ മകന്റെ സ്വഭാവത്തിലും പെരുമാറ്റത്തിലും ഓരുപാട് വ്യത്യാ സങ്ങൾ കണ്ടു തുടങ്ങി . അതുപോലെ തന്നെ പഠിത്തത്തിൽ പുറകോട്ടു വന്നു. അതുവരെ അവനെപ്പറ്റി നല്ലതുമാത്രം പറഞ്ഞ ടീച്ചർമാർ വരെ അവന്റെ മാറ്റത്തെപ്പറ്റി ചർച്ച ചെയ്തു. വീട്ടിൽ ഏതു നേരത്തും കതകടച്ച് ഫോണിൽ കളിക്കുക അവന്റെ പതിവായി ദാമുവിന്റെ പ്രതീക്ഷകൾ താളം തെറ്റിയ പോലെയായി. കൂടാതെ സ്കൂളിൽ നിന്നുള്ള ടീച്ചറിന്റെ പ്രതികരണം കൂടിയായപ്പോൾ ദാമു തർന്നു പോയി. അവൻ മകനോട് ഫോൺ വാങ്ങിവെച്ച് രോക്ഷാകുലനായി ദാമുവിന് നേരെ തിരിഞ്ഞു ഈ കാലമത്രയും ഓമനിച്ച് വളർത്തിയ തന്റെ മകൻ നിക്ക് നേരെ ദേഷ്യപ്പെട്ടപ്പോൾ ദാമു വിങ്ങിപൊട്ടിപ്പോയി.

പെട്ടെന്ന് തന്നെ ദാമു മകന്റെ മുറിയിലേക്ക് ചെന്ന് നോക്കിയപ്പോൾ, അച്ഛനോടുള്ള ദേഷ്യം കൊണ്ട് മകൻ മയക്കുമരുന്ന് ഉപയോഗിക്കുന്നതായി കണ്ടു മകന് വേണ്ടി തന്റെ ജീവിതം ഉഴിഞ്ഞു വെച്ച ഒരച്ഛൻ കാണുന്നതിൽ വെച്ച് ഏറ്റവം ദയനീയമായ ഒരു കഴിച്ചയിരുന്നു അത്. അച്ഛന്റെ മുമ്പിൽ വെച്ച് അവൻ ഒരു ഭ്രാന്തനെ പോലെ പെരുമാറി. ആ മാതാപിതാക്കൾക്ക് അത് തങ്ങാവുന്നതിലും അപ്പുറമായിരുന്നു.
ദാമു എന്തുചെയ്യണമെന്ന് അറിയാതെ പകച്ചുപോയി.

ദാമു സ്കൂളിലേക്ക് പുറപ്പെട്ടു അവന്റെ ടീച്ചറെ കണ്ടു സംസാരിച്ചു അവരാണ് പറഞ്ഞത് ഡീ അഡിഷൻ സെന്ററിൽ കൊണ്ടു പോവാൻ നമുക്ക് ഒറിച്ച് നിന്നാൽ അവനെ നല്ല ജീവിതത്തിലേക്ക് തിരിച്ച് കൊണ്ട് വരണമെന്നും പിന്നീട് ഡീ അഡീഷൻ സെൻൻ്ററിൽ അവനെ അഡ്മിറ്റ് ചെയ്ത് കൗൺസിലിങ്ങും നടത്തി മെല്ലെ അവൻ ജീവിതത്തിലേക്ക് വരാൻ തുടങ്ങി അവന്റെ തെറ്റുകൾ അവൻ മനസ്സിലാക്കി.

അവൻ ഇങ്ങനെയൊക്കെയായി തീരാൻ അവന്റെ മാതാപിതാക്കളും ഒരു പരിധിവരെ കാരണമായിരുന്നു. അമിതമായ ലാളനയും, മകനിലുള്ള വിശ്വാസവും, ശ്രദ്ധക്കുറവുമാണ് അവനെ തെറ്റിലേക്ക് നയിച്ചത്.



സോഹിൽ
9B

# മന്ത്രമോതിരം

ഒരിക്കൽ ഒരു പാവം വിധവ തന്റെ കൊച്ചു മകനോടൊപ്പം ജീവിച്ചിരുന്നു. അവന്റെ പേര് ഏബൽ എന്നായിരുന്നു. അവന്റെ ഭാവിക്കുവേണ്ടി അച്ഛൻ മുന്നൂറ് സ്വർണ്ണനാണയങ്ങൾ കരുതിവച്ചിട്ടുണ്ടായിരുന്നു അവന് ഇരുപത് വയസ്സായപ്പോൾ അമ്മയോട് നൂറ് സ്വർണ്ണനാണയങ്ങൾ നൽകുവാൻ ആവശ്യപ്പെട്ടു ഏതോ വ്യാപാരം തുടങ്ങാൻ പോകുന്നു എന്ന് ചിന്തിച്ചുകൊണ്ട് അമ്മ നൂറ് സ്വർണ്ണനാണയങ്ങൾ അവന് കൊടുത്തു . പാന്റിന്റെ കീശയിൽ പണം കരുതിക്കൊണ്ട് അവൻ നിരത്തിലൂടെ നടന്നു. വഴിക്കുവെച്ച് അവൻ പട്ടിയെയും കൊണ്ട് വരുന്ന ഒരു മനുഷ്യനെ കണ്ടു. ആ പട്ടിയെ വിലയ്ക്കുവാങ്ങണമെന്ന് അവൻ തീരുമാനിച്ചുകൊണ്ട് നൂറ് സ്വർണ്ണനാണയങ്ങൾക്ക് അതിനെ വാങ്ങി .

ദിവസങ്ങളും മാസങ്ങളും കടന്നു പോയി. വീണ്ടും ഏബൽ മറ്റൊരു നൂറ് സ്വർണ്ണനാണയങ്ങൾ അമ്മയിൽ നിന്നും ആവശ്യപ്പെട്ടു. അപ്പോഴും അവൻ ഒരു വ്യാപാരം തുടങ്ങുമെന്ന് കരുതി അമ്മ പണം കൊടുത്തു ഏബൽ നിരത്തിലേക്ക് നടന്നു പോകുന്ന പോക്കിൽ ഒരു പൂച്ചക്കുട്ടിയെ വാങ്ങി. പട്ടിയേയും പൂച്ചയേയും അവൻ വളരെ നന്നായി വളർത്തി. ആരോഗ്യപ്രദവും, പോഷകപ്രദവം ഭക്ഷണത്തിന് യാതൊരു കുറവും ഇല്ലാതിരിന്നതുകൊണ്ട് അവ വലിയ പട്ടിയും പൂച്ചയുമായി വളർന്നു. ഒരു നാൾ അവൻ അമ്മയോട് അവശേഷിക്കുന്ന നൂറ് സ്വർണ്ണനാണയങ്ങൾകൂടി നൽകണമെന്ന് ആവശ്യപ്പെട്ടു. ഇപ്പോൾ അവന്റെ അമ്മ പറഞ്ഞു ഇപ്പോൾ തന്നെ നീ ഇരുന്നൂറ് സ്വർണ്ണ നാണയങ്ങൾ പാഴാക്കിയിരുന്നു ഈ പണവും നീ ധൂർത്തടിക്കാൻ പോകുകയാണെന്ന് എനിക്ക് തോന്നുന്നു. അവൻ പറഞ്ഞു അമ്മേ... അവിടുന്ന് ഒട്ടും വിഷമിക്കേണ്ട. ഒടുവിൽ എല്ലാം നന്നായിരിക്കും അവന്റെ അമ്മ ആ പണവും കൊടുത്തു .

സാധാരണപോലെ ഏബൽ നിരത്തിലേക്ക് പോയി. വൃദ്ധനായ ഒരാൾ പാതയോരത്ത് ഇരിക്കുന്നത് അവൻ കണ്ടു. പ്രത്യക്ഷത്തിൽ തന്നെ അയാൾക്ക് ഏറെക്കുറേ കാഴ്ച നഷ്ടപ്പെട്ടിരിക്കുന്നു എന്നത് തീർച്ചയായിരുന്നു. അവൻ വൃദ്ധനെ സമീപിച്ചു അമ്മാവാ അങ്ങ് എന്തിനാണ് ഇവിടെ ഇരിക്കുന്ന്? വൃദ്ധൻ തല ഉയർത്തിക്കൊണ്ട് പറഞ്ഞു ഞാൻ ഒരു പാവപ്പെട്ടവനാണ്. മൂന്ന് ദിവസമായി എനിക്ക് ഒരു ഭക്ഷണവും കിട്ടിയില്ല ഭക്ഷിക്കുവാനായി എന്തെങ്കിലും വാങ്ങുന്നതിനുവേണ്ടി നീ എനിക്ക് കുറച്ചു പണം തരുമോ? ഏബൽ ആ പാവപ്പെട്ട ആ മൻഷ്യന് പണം കൊടുത്തു.പകരം ആ വൃദ്ധൻ ഒരു മോതിരം അവനു തിരിച്ചുനൽകി. തുടർന്ന് ആ വൃദ്ധൻ അവിടം വിട്ടു പോയി.

ഏബൽ ആ മോതിരം അണിഞ്ഞു . പെട്ടെന്ന് അഞ്ഞൂറ് പട്ടാളക്കാർ അവിടെ പ്രത്യക്ഷപ്പെട്ട് അയാളുടെ ചുറ്റും നിന്നു. അവൻ ഒരു ആജ്ഞ നൽകുന്നതിനുവേണ്ടി പട്ടാളക്കാർ കാത്തുനിന്നു. അവൻ പട്ടാളക്കരോട് പറഞ്ഞു എന്റെ പഴയ വീടിരിക്കുന്ന സ്ഥലത്ത് ഒരു മട്ടുപ്പാവ് പണിയൂ. പക്ഷേ ഇത് ഒരിക്കലും എന്റെ അമ്മ അറിയരുത് ഉടൻതന്നെ മാന്ത്രികമായി ഒരു മട്ടുപ്പാവ് പണിതീർക്കപ്പെട്ടു.

ഏബലും അയാളുടെ അമ്മയും പുതിയ മട്ടുപ്പാവിൽ താമസിച്ചു. ഒരു രഹസ്യത്തെപ്പറ്റിയും അവൻ അമ്മയോട് പറഞ്ഞില്ല. ഒരു ദിവസം രാജകുമാരിയെ വിവാഹം ചെയ്യണമെന്ന് അവൻ ആഗ്രഹിച്ചു. അവൻ മോതിരമണിയുകയും, അഞ്ഞൂറ് പട്ടാളക്കാരെ പ്രത്യക്ഷപ്പെടുത്തുകയും ചെയ്തു. അവനെ കൊട്ടാരത്തിലേക്ക് കൊണ്ടുപോവാൻ ആവശ്യപ്പെട്ടു. അങ്ങനെ കൊട്ടാരത്തിലെത്തി. അവളെ വിവാഹം ചെയ്യണമെങ്കിൽ അവളുടെ കൊട്ടാരത്തിന്റെ അടുത്ത് മറ്റൊരു കൊട്ടാരം പണിയുവാൻ അവൾ ആവശ്യപ്പെട്ടു. അവൻ പട്ടാളക്കാരെ വിളിക്കികയും ഒരു കൊട്ടാരം പണിതുയുർത്തപ്പെടുകയും ചെയ്തു. രാജാവ് രാജകുമാരിയെ അവന് വിവാഹം ചെയ്തു കൊടുത്തു.

രാജകുമാരി മോതിരത്തെപ്പറ്റി അറിയുകയും അതിനെ അവനിൽ നിന്നും മോഷ്ടിക്കുകയും ചെയ്തു അതിന്റെ സഹായത്താൽ അവൾ അവനെ ഒരു ദരിദ്രനാക്കുകയും കൊട്ടാരത്തിൽ നിന്നും പുറത്താക്കുകയും ചെയ്തു, യജമാനന്റെ അവസ്ഥ പൂച്ചക്കും പട്ടിക്കും സഹിക്കാനായില്ല അവ കൊട്ടാരത്തിൽ നിന്ന് രാജകുമാരിയിൽ നിന്നും മോതിരം മോഷ്ടിച്ചു അവന്റെ അടുത്തേക്ക് തിരികെ കൊണ്ടുവന്നു അവനു വളരെ സന്തോഷമായി മോതിരത്തിന്റെ സഹായത്തോടെ കൊട്ടാരത്തിൽ ആക്രമിക്കുകയും രാജാവിനെയും രാജകുമാരിയെയും തടവുകാരാക്കി രാജകുമാരി തന്നെ എല്ലാ പ്രവർത്തനങ്ങൾക്കും വേണ്ടി മാപ്പ് പറയുകയും അവളോട് ക്ഷമിക്കുകയും ചെയ്തു അതിനുശേഷം അവർ അവിടെ സന്തോഷത്തോടെ ജീവിച്ചു.



വിഷ്ണു എം കെ

9 B

# കാത്തിരിപ്പിൻ കാലം

കാത്തിരിക്കുന്നു ഇന്നനെ

കൗമുദിയുറങ്ങുവാൻ

കാത്തിരിക്കുന്നു ആദിത്യനെ

മലരുകൾ വിരിയുവാൻ

കാത്തിരിക്കുന്നു അംശുധരനെ

നരനുണരുവാൻ

കാത്തിരിക്കുന്നു അംശുദനെ

ഭരണിയുണരുവാൻ



കാത്തിരിക്കുന്നു അർക്കനെ

തിങ്കൾ മായുവാൻ

കാത്തിരിക്കുന്നു പ്രഭാകൻ

ഏവർക്കും വെളിച്ചം പകരുവാൻ

കാത്തിരിക്കുന്നു ദിനേശൻ

ചെമ്പട്ടുടുക്കുവാൻ

കാത്തിരിക്കുന്നു ദിവാകൻ

കുബേരൻ ഉണരുവാൻ

കാത്തിരിക്കുന്നു പകലോൻ

ജ്യോത്സ്നയുണരുവാൻ

കാത്തിരിക്കുന്നു പകൽമണി

ജലധിയിലുറങ്ങുവാൻ

കാത്തിരിക്കുന്നു വിളക്ക്

പിതാമലയിലുണർന്നുപൊങ്ങുവാൻ-

വെളിച്ചം പകരുവാൻ



ദേവദത്ത് ടി പി
9 A

# ഫോണിൽ തുടങ്ങി ലഹരിയിലൂടെ മരണത്തിലേക്ക്

മൂന്ന് ആത്മാർത്ഥ സുഹൃത്തുക്കൾ റാമും, അഖിലും, അശ്വിനും. ഓർമ്മവച്ചനാൾ മുതൽ അവർ കൂട്ടുകാരാണ് എൽ.പി ക്ലാസ് മുതൽ ഒന്നിച്ച് പഠിച്ച് വരുന്ന മൂന്നുപേരുടെയും വീടുകൾ തമ്മിൽ കുറച്ച് ദൂരമുണ്ട് അത് അവർ നേരിട്ടിരുന്ന വലിയൊരു പ്രശ്നം തന്നെയായിരുന്നു സ്കൂൾ അവധിയുള്ള ദിവസങ്ങൾ തമ്മിൽ കണ്ട് സംസാരിക്കാനും കളിക്കാനും വീട്ടിലുള്ളവരോട് സമ്മതം വാങ്ങുക എന്നത് വലിയൊരു കടമ്പ തന്നെയായിരുന്നു. വളരെ പണിപ്പെട്ട് വീട്ടിലെ യുദ്ധം തീർത്ത് മൂന്നു പേരും മോഹിനി പുഴയുടെ തീരത്ത് വന്നിരിക്കുകയും കഥ പറയുകയും അടുത്തുള്ള ഗ്രൗണ്ടിൽ നിന്ന് കളിക്കുന്നതും ആയിരുന്നു പതിവ് വിനോദം. കളിച്ചുനടക്കുമെങ്കിലും നന്നായി പഠിക്കുന്ന കാരണം മാതാപിതാക്കൾസന്തുഷ്ടരായിരുന്നു. മൂന്നുപേരും എപ്പോഴും ഒന്നിച്ചാണ് നല്ലത് ചെയ്യു തെറ്റിലേക്ക് പോകില്ല എന്ന വിശ്വാസം മാതാപിതാക്കളിൽ ഉണ്ടായിരുന്നു. മിടുക്കന്മാരായ മൂവരെയും അധ്യാപകർക്ക് ഓത്തിരിഇഷ്ടമായിരുന്നു. ക്ലാസിലെ പല കുട്ടികൾക്കും അസൂയ തോന്നും വിധം ദൃഢമായിരുന്നു അവരുടെ സൗഹൃദം.

ഒരു ദിവസം ഉച്ചഭക്ഷണം കഴിച്ച ശേഷം മൂവരും ക്ലാസിലെ മുൻപിൽ ഇരുന്ന് കഥ പറയുകയായിരുന്നു സമാധാനത്തോടെ ഉച്ചസമയം ചിലവഴിച്ച് കൊണ്ടിരുന്ന മൂവരോടുമായി ബാക്ക് ബെഞ്ചിലിരുന്ന് അധ്യാപകരെ പറ്റി മോശമായി പറയുന്നതിനിടെ സംഘത്തിലെ ഒരുവൻ ഉറക്കെ രാമനോടായി ചോദിച്ചു.

"എടാ രാമ നിന്റെ ഫോൺ ഏത് കമ്പനിയാടാ ?"

"എനിക്ക് ഫോൺ ഇല്ല " റാം താഴ്ന്ന ശബ്ദത്തിൽ പറഞ്ഞു.

"ശോ രാമന്റെ വീട്ടിൽ കാശില്ലാത്തതു കൊണ്ടാവും അല്ലേ രാമാ "

സംഘത്തിലെ മറ്റൊരുത്തൻ പരിഹസിച്ചു.

"രാമന്റെ മാത്രമല്ല ബാക്കി രണ്ടിനെയും അവസ്ഥ ഇതൊക്കെ തന്നെയാണ് നിന്റെയൊക്കെ വീട്ടിൽ ഒരു നോക്കിയ ഫോണേലും ഉണ്ടോടാ" സംഘത്തിലെ എല്ലാവരും കൂടി ചിരിച്ചു തുടങ്ങി

ആ ചിരിക്ക് ഒരു വിരാമം ഇട്ടുകൊണ്ട് അച്ചു പറഞ്ഞു

"നിർത്തെടാ അവന്റെയൊരു കളിയാക്കൽ നീയൊക്കെ എന്താടാ വിചാരിച്ചേ നിന്റെയൊക്കെ കയ്യിലെ ഫോണ് ഞങ്ങളുടെ മൂന്നുപേരുടെയും വീട്ടിലുണ്ട് അച്ഛനെയും അമ്മയുടെയും സ്മാർട്ട്ഫോൺ തൽക്കാലം ഞങ്ങൾ അത് വെച്ച് കളിച്ചോളാം കേട്ടോ മോനെ ദിപു "

ദീപുവും കൂട്ടരും അച്ചുവിന്റെ മറുപടിക്കുമുമ്പിൽ തീരെ ചെറുതായിപ്പോയി ഒരു നിമിഷത്തെ നിശബ്ദതക്ക് ശേഷം ദീപു തുടർന്നു , അപ്പോൾ വീട്ടിൽ ഫോൺ ഉണ്ട്. എന്നാ നിന്റെ ഇൻസ്റ്റാഗ്രാം ഐഡി ഒന്ന് താടാ. അച്ചു ഞങ്ങൾ എല്ലാരും ഫോളോ ചെയ്യാം. എന്ത് പറയുന്നു? "

ആരും ഒന്നും മിണ്ടിയില്ല . ദീപു വീണ്ടും ചോദിച്ചു എന്തെ അച്ചു . എത്രവലുതായിട്ടും സ്വന്തമായിട് ഇൻസ്റ്റാഗ്രാം ഇല്ലേ മോനെ അവൻ ഒരുക്കിചിരിച്ചു . ഉണ്ട് ഐഡി ഉണ്ട് നിനക്കു താരം മനസ്സിലാ.എന്തെ ഒന്നും നോക്കാതെ അക്കു പറഞ്ഞു . ഇല്ലാത്ത അക്കൗണ്ടിന്റെ കാര്യം എന്ത് ധൈര്യത്തില ഇവനീ പറയുന്നേ എന്നോർത്തു രാമനും

അച്ചുവും അക്കുവിനെ ഒന്നുനോക്കി. അവൻ സ്കൂയിലെ താരമാരായിരുന്നു ? ക്ലാസ്സിലെ ഗുണ്ടകളുടെ വായ അടപ്പിച്ച ധീരയോടകളായിരുന്ന മൂവരും. ചില കുട്ടികൾ അവരുടെ ഐഡി ചോദിച്ചു . ഇല്ലാത്ത ഐഡി എവിടുനെടുത്ത കൊടുക്കാന് . അതുകൊണ്ട് പിന്നെ തരാം എന്ന് പറഞ്ഞ് ഒഴുവാക്കിവിട്ടു. 10ആം ക്ലാസ്സിൽ ഇന്നത്തെ വിജയം നേടിയ മക്കൾക് മാതാപിതാക്കളുടെ ഉപഹാരമായിരുന്നു മൂന്ന് പുതിയ മൊബൈൽ ഫോൺ. ഫോൺ കിട്ടിയാൽ ഉടൻ ഇൻസ്റ്റാഗ്രാമിൽ ഒരു അകൗണ്ടും തുടങ്ങി.

കുറച്ചു ദിവസത്തെ  പണിപ്പെട്ട ഫോൺ ഉപയോഗത്തിന് ശേഷം ഫോണിലെ  എല്ലാം നന്നായി മനസ്സിലാക്കി ഈ ദിവസങ്ങൾ കൊണ്ട്  തന്നെ ഫോണിന്റെ  ചതിക്കുഴികൾ നിറഞ്ഞ മായാ ലോകത്തേക്ക് മൂന്നുപേരും പ്രവേശിച്ചിരുന്നു  അമിതമായ ഫോൺ ഉപയോഗം അവരെ പഠനത്തിൽ പിന്നിലേക്ക്  വലിച്ചു  24 മണിക്കൂറും  ഫോണിൽ തന്നെ  മതിയായ ഉറക്കം പോലുമില്ല കുട്ടികളുടെ മാറ്റം മനസ്സിലാക്കിയ രാമന്റെയും അച്ചുവിന്റെയും  അമ്മമാർ അവരുടെ ഫോൺ വാങ്ങി വെച്ചു പിന്നെ അവരുടെ ഫോണിൽ  കളിക്കൊരു അവസാനമുണ്ടായി  പക്ഷേ അക്കു വീട്ടിലിരിക്കുന്ന മുഴുവൻ സമയവും  ഫോണിൽ ആയിരുന്നു.

അങ്ങനെയിരിക്കെ അക്കുവിന് പുതിയ ഒരു സുഹൃത്തിനെ കിട്ടി  ഇൻസ്റ്റഗ്രാമിൽ പരിചയപ്പെട്ടതാണ് നേരിൽ കണ്ടിട്ടില്ല സംസാരിച്ചിട്ടില്ല പേര് പോലും അറിയില്ല എന്നാലും  മെസ്സേജ് അയക്കും  കൂടുതൽ സമയവും അവനുമായി സംസാരിക്കാനായി ഒഴിവു ദിവസങ്ങൾ വീട്ടിൽ തന്നെ ഇരുന്ന് ഫോണിൽ കളിയായി അച്ചുവിനെയും രാമനെയും  പറ്റിയ ഓർമ്മ പോലുമില്ല. അക്കുവിന്റെ സ്വഭാവത്തിലെ മാറ്റം അവന്റെ മാതാപിതാക്കൾക്ക്  മനസ്സിലാവാൻ രാമനും അച്ചുവും വേണ്ടിവന്നു  കാര്യങ്ങൾ അറിഞ്ഞ്  ദേഷ്യം വന്ന അമ്മ അക്കു നിന്റെ ഫോൺ ഇങ്ങു താടാ  എന്തിനാ  അമ്മയ്ക്ക് എന്റെ ഫോൺ അമ്മയ്ക്ക് സ്വന്തമായിട്ട് ഒന്നിലെ പിന്നെന്തിനാ എന്റേത്  സ്വരത്തിൽ അക്കു ഉത്തരം നൽകി  എന്റെ കാര്യം നീ നോക്കേണ്ട നിനക്ക് ഫോണിൽ കളി കുറച്ചു കൂടുതലാണ് ഫോൺ തന്നിട്ടു  പോയി നാലക്ഷരം പഠിക്കാൻ നോക്ക്.

അപ്പോൾ അവന്മാരാണല്ലേ  പറഞ്ഞത് അവന്റെയൊക്കെ ഫോൺ പോയതിന്  ഞാനെന്ത് പിഴച്ചു അമ്മേ അവർക്ക് അസൂയ മൂത്തിട്ട  അമ്മ ഫോൺ ഞാൻ വെച്ചോട്ടെ  നിനക്ക് ഫോൺ വേണ്ട പഠിച്ച് വല്ലതും കിട്ടിയിട്ട് സ്വന്തമായിട്ട് ഒന്ന് വാങ്ങി മോൻ ഒറ്റയ്ക്ക്  നടന്നോ കിടന്നോ ഇരുന്നോ എങ്ങനെ വേണേലും   കളിച്ചോ അമ്മ അക്കുവിന്റെ കയ്യിൽ നിന്ന് ഫോൺ തട്ടിപ്പറിച്ച്  മുറിയിലേക്ക് പോയി ആ ദേഷ്യത്തിൽ   വീട്ടിൽ നിന്നിറങ്ങി എങ്ങോട്ടെന്നില്ലാതെ നടന്നു  നടവഴിയിൽ അക്കു അവന്റെ പഴയ ശത്രുക്കളായ  ദീപുവിനെയും കൂട്ടുകാരെയും കണ്ടു ഒരിക്കലും  നടക്കാൻ സാധ്യതയില്ലാത്ത കാഴ്ച കണ്ടു ദീപു ചോദിച്ചു  എന്തേ അക്കു ഇന്ന്  ബാക്കി രണ്ടുമില്ലേ   അവരെ രണ്ടും കുടി  നിന്നെ ചവിട്ടി പുറത്താക്കിയോ എന്നെ ആരും പുറത്താക്കിയതല്ല അവരൊക്കെ  ചതിയന്മാരാണ്  കൂടെ നിന്നു ചതിച്ചു  എന്താ പറ്റിയത്  മറ്റൊരുത്തൻ ചോദിച്ചു  മൂന്നും മൂന്നായി സന്തോഷത്തിലാണ് സങ്കടങ്ങൾ അവനെ  കൂടെ കൂട്ടാൻ തക്കസമയം

ഇതാണെന്ന് മനസ്സിലായ ഒരുവൻ അക്കുവിനോട് ചോദിച്ചു  അക്കു നിനക്ക് ഫോൺ വേണോ വേണെങ്കിൽ കുറച്ചുനേരത്തേക്ക് ഫോൺ ഞാൻ തരാം മതിയോ ഹാ അതുമതി  ഒന്ന് തരുമോ പ്ലീസ്, അക്കു സന്തോഷത്തോടെ പറഞ്ഞു ഫോൺ കിട്ടിയ സന്തോഷത്തിൽ  അവൻ അവന്റെ ഇൻസ്റ്റഗ്രാം ഫ്രണ്ടിനെ മെസ്സേജ് അയച്ചു അവൻ എല്ലാം പറഞ്ഞു അയാൾ അവനെ ആശ്വസിപ്പിച്ചു  ദിവസങ്ങൾ കടന്നു നീങ്ങി അക്കു ഇപ്പോൾ ആളാകെ മാറിപ്പോയി അക്കുവിന്റെ  കൂട്ട് മൊത്തം  അവന്റെ ക്ലാസിലെ ചീത്ത പിള്ളേരോടൊപ്പമാണ്  പിന്നെ അവന്റെ ഇൻസ്റ്റാഗ്രാം ഫ്രണ്ടും ഇവരാണ് ഇപ്പോഴത്തെ അക്കുവിന്റെ ലോകം അമ്മ ഫോൺ തരാത്തതിന്റെ സങ്കടം വല്ലാതെ അലട്ടി കൂടാതെ  മാർക്ക് തീരെ കുറവാണ്  അതിന്റെ പേരിൽ വീട്ടിൽ എന്നും വഴക്കും  ഒരു ദിവസം സഹികെട്ട്  അവന്റെ പുതിയ  കൂട്ടുകാരുടെ അടുത്തെത്തി അവൻ അവരിൽ ഒരുത്തന്റെ  ഫോൺ വാങ്ങി അവന്റെ ഇൻസ്റ്റാഗ്രാം  ഫ്രണ്ടിന് മെസ്സേജ് അയച്ചു അവന്റെ സങ്കടം മുഴുവനും അവനോട് പറയാൻ തുടങ്ങി ഞാൻ  അമ്മയോട്  പറഞ്ഞത്  ഫോൺ തിരികെ നൽകിയാൽ പഠിച്ചോളാം എന്ന് പക്ഷേ അമ്മ കേൾക്കുന്നില്ല  ആർക്കും എന്റെ വിഷമം മനസ്സിലാകുന്നില്ല  നിനക്ക് ഞാനില്ലേ  അക്കു, വീട്ടുകാർ  അങ്ങനെയാടാ നമ്മൾ  കുട്ടികളുടെ  മനസ്സ്  അവർക്കെങ്ങനെ മനസ്സിലാവാനാ നിനക്ക്  സങ്കടം  തീരെ സഹിക്കാൻ വയ്യെല്  ഞാനൊരു സാധനം തരാം  ഒന്നും ഓർമ്മ ഉണ്ടാവില്ല  എല്ലാം ഒരു മായാ ലോകത്ത് നമ്മൾ മാത്രം എന്ത് രസമാണെന്നറിയുമോ?  നിനക്ക് വേണേൽ മതി. എന്താ അത് അങ്ങനെ ഒരു സാധനം  സന്തോഷം കിട്ടാൻ ഞാൻ മരുന്നൊക്കെ കഴിക്കണോ ഈ സമയവും അങ്ങനെ കടന്നു പോവൂലെ പിന്നെന്തിനാ അതിന്റെ ആവിശ്യം ഉണ്ടോ ? ഉണ്ട്. ആവിശ്യം ഉണ്ട് അക്കു നീ ഒന്ന് ചിന്തിച്ചു നോക്കു ഓർമവെച്ചനാൾ മുതൽ നിന്റെ കൂടെ  ഉണ്ടായിരുന്ന  നിന്റെ കൂട്ടുകാർ  നിന്നെ ചതിച്ചില്ലേ?  നിന്നെ നീ അത്രയും  സ്നേഹിച്ച നിന്റെ മാതാപിതാക്കൾ നിന്നെ തള്ളി പറഞ്ഞില്ലേ? പരീക്ഷക്ക് മാർക്ക് കുറയുന്നത് ഇത്ര വലിയ തെറ്റാണൊ നീ ഒന്ന് ചിന്തിച്ചുനോക്ക്  നീ വളരെ സങ്കടത്തിലാണ് ഇതിനെല്ലാം ഒരു പരിഹാരമാണ് എന്റെ കയ്യിലുള്ള സാധനം.

ഇനി പറ നിനക്ക് വേണോ?  വേണം എനിക്ക് വേണം എനിക്ക് ഒന്ന് സമാധാനത്തോടെ ഉറങ്ങണം നീ എങ്ങനെയാ അത് എനിക്ക് തരിക? അതോർത്തു നീ പേടിക്കേണ്ട  ദീപുവിന്റെ കൈയിലുണ്ട് സാധനം. ഞാൻ പറഞ്ഞാൽ മതി അവൻ തരും പ്രയോഗിച്ചത് ഇഷ്ടപ്പെട്ടാൽ  വേറെ വഴിയുണ്ട് ആ ഞാൻ ചോദിക്കാം അന്ന് അവൻ ദീപുവിനോട് സാധനം വാങ്ങി ആ ദിവസം മുതൽ ജീവിതത്തിൽ അവസാനത്തേക്കുള്ള ദൂരം കുറഞ്ഞ കുറഞ്ഞു വരികയായിരുന്നു.

അവൻ ആളാകെ മാറി സന്തോഷത്തിന്റെ മരുന്നായി പണം മോഷ്ടിക്കാൻ തുടങ്ങി കാലം കടന്നുപോകുന്തോറും അവന്റെ അവസ്ഥ മോശമായി തുടങ്ങി കള്ളും കഞ്ചാവും ലഹരിയും മാത്രമാണ്. അച്ചുവും രാമനും അവർക്ക് ഇന്ന് നല്ലൊരു കമ്പനിയിൽ ജോലി കിട്ടി ഈ കാലയളവിൽ അക്കുവിന് തിരുത്താൻ അവർ ഒത്തിരി ശ്രമിച്ചു പക്ഷേ അവരിൽ നിന്നും വളരെ അകലെയായിരുന്നു

കാലം കടന്നു നീങ്ങി അച്ചുവും റാവും നാട്ടിൽ തിരിച്ചെത്തുകയാണ് അവർ ജോലി സംബന്ധമായി വിദേശത്തായിരുന്നു.  അവരുടെ സുഹൃത്തിനെ കാണാൻ വന്ന അമ്മയോട് അവൻ എവിടെ എന്ന് ചോദിച്ചു വിങ്ങിപ്പൊട്ടുന്ന മനസ്സുമായി അമ്മ പറഞ്ഞു ലഹരി മൂത്ത് ഭ്രാന്തായ എന്റെ മകനെ എങ്ങനെ വീട്ടിൽ നിർത്തും അവൻ ഡി അഡിക്ഷൻ സെന്ററിൽ ഒരു ഭ്രാന്തനെപ്പോലെ ജീവിക്കുന്നു എന്ന് പറഞ്ഞു.

മക്കളെ അക്കുവിനെ കണ്ടാൽ കുഞ്ഞുങ്ങൾ പേടിക്കും അമ്മ കരച്ചിൽ അടക്കിപ്പിടിക്കാൻ ആവാതെ മുറിയിലെ കോടി അച്ചുവും കൂടുതൽ നേരം തങ്ങളുടെ ഉള്ളിൽ വിങ്ങിപ്പൊട്ടുന്ന സങ്കടം തടഞ്ഞുനിർത്താൻ ആവില്ലെന്ന് മനസ്സിലാക്കി വീട്ടിൽ നിന്നിറങ്ങി കുട്ടിക്കാലത്തെ മൂന്ന് പേരു കളി തമാശങ്ങൾ പറഞ്ഞിരിക്കാറുണ്ടായിരുന്ന പുഴവക്കിൽ ഇരുന്ന് തന്റെ സങ്കടങ്ങളെല്ലാം കരഞ്ഞു തീർത്തു തങ്ങളുടെ ജീവന്റെ പാതിയുടെ ഇന്നത്തെ അവസ്ഥ ഓർത്ത് അവർക്ക്  കരയാതിരിക്കാനായില്ല.

അവർ അക്കുവിനെ കാണാൻ പോയി വാക്കുകൾക്ക് മീതെയാണ് അവന്റെ അവസ്ഥ ലഹരിക്ക് അടിമയായി ഭ്രാന്തനായ പോലെ തന്റെ സുഹൃത്തിന്റെ വികൃതമാക്കപ്പെട്ട മുഖം കാണുമ്പോഴും അവർ കണ്ടതാ പണ്ടേ നാലാംക്ലാസുകാരൻ അപ്പുവിന്റെ നിഷ്കളങ്കമായ മുഖമാണ് ഇന്ന് അവൻ തങ്ങൾ ആരാണെന്ന് അറിയില്ല ഒരുപക്ഷേ അവനെ പോലെ നാട്ടിൽ നിന്നാൽ അക്കുവിന്റെ ഓർമ്മകൾ തങ്ങളുടെ മനസ്സിൽ താളം തെറ്റിക്കും എന്ന് മനസ്സിലാക്കിയ ഇരുവരും വിദേശത്തേക്ക് മടങ്ങി പക്ഷേ ഏറെ വൈകാതെ അവർക്ക് തിരിച്ച വരേണ്ടി വന്നു തങ്ങളുടെ ഉറ്റ ചങ്ങാതി അക്കു എന്ന് അഖിലിന്റെ ജീവനില്ലാത്ത ശരീരം കാണാൻ.



നിവേദിത


**9 B**

# A Journey of Discovery

One day, a boy named Aron and a girl named Meera were planning to draw some tourist places near their village for their parents. However, they were saddened as their parents didn't allow them to go anywhere. Suddenly, Arun had an idea: they could go alone without telling their parents and return home before sunrise. Meera agreed, and the next morning, they packed their bags with snacks and water, ready to embark on their adventure to the mountain near the village.

As they walked towards the mountain, they discussed how their parents never allowed them to go anywhere. They were determined to prove that they could venture out on their own. Finally, they reached the top of the mountain, enjoyed their snacks, and spent some time admiring the view. However, as sunrise approached, they realized they needed to hurry back home. Unfortunately, they forgot the way back and were faced with two paths.

Unable to decide, they chose the second path, leading them into a thick forest. Feeling lost and scared, they considered turning back but found themselves too afraid. Suddenly, they encountered an old man and asked for his help. He informed them that they had entered the forest and inquired about their parents. After explaining everything, the old man offered to guide them back home.
Relieved, they followed him, realizing they couldn't go anywhere without their parents' knowledge. Eventually, they reached their village, where their worried parents were waiting. They apologized for disobeying and promised to only go on such adventures with their families in the future.



**Prathyush K P**

**10 B**

# Unforgetable memories

It was very cold day. But I was very energetic. I woke up and brushed my teeth and fresh up.  I went to my daily chores cooking cleaning exercise. I used to live in a small apartment due to my profession as a doctor. I heard a knocking on my office door. I said coming and the patient came in I asked him to have a seat. That day I was very annoyed but I didn't know it was going to be a tough day which could draw all my energy. I asked him about his problem he didn't reply to my question after some repetition he friendly offered his problem.

Are you awake he said he had killed a person and he is guilty which it has driven him crazy. I tried to inquire more but he didn't bother my question every time but on one question he melted and like a child it was about what made him to do such an act. Replied he was an entrepreneur in the west coast he used to be very successful but on one day he found out that his Fran who was a partner had betrayed him he went really mad and crazy he used to do drug back in the day.
He went on acting later he didn't know that nothing in front of his partner but on one day he got high on drugs and went into his friends place and smashed his both hands and the skinned to him alive he was dead on the next day he was awake in his friends place he didn't know who ended up there but he was petrified to see his friends lifeless friends body laying there. He remember what happened but he was very afraid to surrender because he could lose all of his status and value so he did the unthinkable he chopped his friends body into tiny pieces and burn lifted after some day he was having trouble to sleep because of the incident he was shock with insomnia he even tried to suicide but didn't held the courage. When i went out of my office to call the authorities he sensed it and ran away I still remember that day it was a vivid drawn to me.



മുഹമ്മദ് അദ്നാൻ സി
10 B

# Rahul's Triumph

Once upon a time, there lived a little boy named Rahul. He was a kind-hearted soul with a passion for football, yet his skills on the field didn't quite match his love for the game. Despite this, Rahul's parents supported his football dreams wholeheartedly. However, his classmates, aware of his shortcomings, often left him out of their teams during playground matches, fearing he would bring down their performance.

Determined to prove himself, Rahul embarked on a journey of self-improvement. He dedicated himself not only to honing his football skills but also to excelling in his studies. Day by day, he poured his heart and soul into practice, refusing to let setbacks deter his spirit. Despite facing ridicule and disappointment from his peers, Rahul remained steadfast in his pursuit of excellence.

One fateful day, during a birthday football match, Rahul seized the opportunity to showcase his newfound abilities. Despite facing stiff competition, he stood tall and demanded to be included in the team. His peers, initially skeptical, reluctantly agreed. Fate smiled upon Rahul when one of the star players got injured just before the match, clearing the path for Rahul to shine.

With unwavering determination, Rahul took to the field and stunned everyone with his performance. In a matter of minutes, he dribbled past defenders and scored a remarkable goal, igniting a wave of excitement among his teammates and spectators alike. Rahul's triumph was not just a victory on the field but a testament to his resilience and perseverance in the face of adversity.

From that day forward, Rahul earned the respect and admiration of his peers. His unforgettable performance not only secured his place in the team but also inspired others to believe in the power of determination and hard work.



ആദിത്യ ഇ പി
9 B

# A women with wings

A women with wings
with the blessings of god
A goddess in our life,
who saves us in danger
who teaches us to be a human
who scolds us when use do bad
who appreciate us when we do god
A warrior in life
A life given to her family
A women who gives us life
A women who help us to live
A women sacrificed her life to her owns

A queen,an angel,the almighty in our life
The word 'mother' means a lot
The word of peace
The word of sacrifice
The word of will power
The word of kindness
The word of love
The word of many,
The women with wings
The women with wings

The women with wings
Like an angel but can't fly
But an angel in our lives
who respects the world
who battles the life
to be good nor to be bad

A lady who teaches us to walk
A lady who teaches us to talk
A lady who teaches us to eat
A lady who teaches us to be a human
A lady who has vision on life and
dreams of life,
A lady with courage,will power and sacrifce
Only the word mother
Not an angel with wings
Not the god with power
Not a queen with wealth
but a women with love

The women with wings,
The women with wings
in our life
The women with love
in our life
Mother! Mother!
The greatest of all.



Alan R.S
10 A


# My mother my world

mother you are solovely
i've always tried to make you happy
she is always with me in my sorrow and injuries
and she is beautifull and caring
I hope youre happy
you have suffered a lot for me
you are there for me while i get wound
and you heal if with your sound

she always make me happy
i know you'are sufferring a lot for me
ican see my world in her eyes
and it is bright and beautifull
she probaly gives me butterflies
and i always want to give her the smiles
i could walk for miles and cover the world
to see her smile in her face
she always bring me balk when i'm down
she is the star in my Galaxy
i cant live without her
It would be like the sea without waves and salt
she is my first love
also my bestfriend in my life
she gave me light when i'm in dark
and she thought me to find the light in the dark
and its my turn to serve her with happy
you are so lovely
and i will always try hard to make you happy
my world.




**Adharv Krishna v k**
10 A




ISHAN KRISHNA
8 A



ROHIN KV
9 A



AYMAN
10 A



ISHAN KRISHNA
8 A



# 10 A




# 10 B





ഇഷാൻ കൃഷ്ണ
8A

കല ലയം സ്കൂൾ മാഗസിന്റെ കവർ പേജ് വരയിലൂടെ മനോഹരമാക്കിയ ഇഷാൻ കൃഷ്ണക്ക് നന്ദി.